തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

വാക്കാട്, മലപ്പുറം – 676 502

# നിർവാഹകസമിതി
# അറുപതാമത് യോഗതീരുമാനങ്ങൾ
**2023 മാർച്ച് 27 തിങ്കളാഴ്ച, രാവിലെ 11 മണിക്ക്**

**പങ്കെടുത്തവർ:**

1. ഡോ. സാബു തോമസ് (വൈസ് ചാൻസലർ) (അദ്ധ്യക്ഷൻ)
2. ശ്രീ അനിൽകുമാർ വി.എസ്. (അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്)
3. ശ്രീമതി നിതാകുമാരി (സ്പെഷ്യൽ സെക്രട്ടറി, ധനകാര്യവകുപ്പ്)
4. ശ്രീമതി റെറ്റി പി തോമസ് (സെക്ഷൻ ഓഫീസർ, സാംസ്കാരികകാര്യ (സി) വകുപ്പ്)
5. ഡോ. ജെ. പ്രസാദ്
6. ഡോ. സി. രാജേന്ദ്രൻ
7. ഡോ. കെ.ജി. പൗലോസ്
8. ഡോ. കെ.വി. ശശി
9. ശ്രീ ആശിഷ് സുകു

ഡോ. പ്രജിത് ചന്ദ്രൻ (രജിസ്ട്രാർ) യോഗത്തിൽ സന്നിഹിതനായിരുന്നു.

യോഗം രാവിലെ 11 മണിക്ക് ഓൺലൈനായി ആരംഭിച്ചു. മഹാത്മാഗാന്ധി സർവകലാശാലയുടെ കാമ്പസിൽ വച്ച് വൈസ് ചാൻസലർ യോഗം നിയന്ത്രിച്ചു. അംഗങ്ങൾ സ്വയം പരിചയപ്പെടുത്തി. പ്രശസ്ത സിനിമാനടനും പാർലമെന്റേറിയനുമായ ശ്രീ ഇന്നസെന്റിന്റെ നിര്യാണത്തിൽ സമിതി അനുശോചനം രേഖപ്പെടുത്തി.

## തീരുമാനങ്ങൾ

ഇനം നമ്പർ: **2023.29**

വിഷയം: **വൈസ് ചാൻസലറുടെ റിപ്പോർട്ട്**

തീരുമാനം: ബഹു. വൈസ് ചാൻസലർ നിർവാഹകസമിതി അംഗങ്ങളെ ഹാർദ്ദമായി സ്വാഗതം ചെയ്തു. തുടർന്ന് റിപ്പോർട്ട് അവതരിപ്പിച്ചു. വൈസ് ചാൻസലറുടെ റിപ്പോർട്ട് നിർവാഹകസമിതി അംഗീകരിച്ചു.

റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് ബഹു. വൈസ് ചാൻസലർ നടത്തിയ ആമുഖഭാഷണ പ്രകാരം സർവകലാശാലയുടെ മുന്നോട്ടുള്ള കുതിപ്പിന് വിവിധങ്ങളായ നിർദ്ദേശങ്ങൾ മുന്നോട്ടുവെയ്ക്കുകയുണ്ടായി.

■ നാക് അക്രഡിറ്റേഷൻ നേടിയെടുക്കാൻ എല്ലാവിധ അടിയന്തിര നടപടികളും കൈക്കൊള്ളണം. എൻ.ഐ.ആർ.എഫ്, അടൽ റാങ്കിങ്, വേൾഡ് റാങ്കിങ് എന്നിവയിൽ പങ്കെടുത്ത് സർവകലാശാലക്ക് അർഹമായ റാങ്ക് നേടിയെടുക്കാൻ യത്നിക്കണം. അതുവഴി സർവകലാശാലക്ക് ധാരാളം ധനാഗമന മാർഗങ്ങൾ തുറക്കപ്പെടും.

■ സർവകലാശാലയിൽ ദേശീയവും അന്തർദേശീയവുമായ കോൺഫ റൻസുകൾ നടത്തണം. സർവകലാശാലയിലെ സ്കൂളുകൾ തക്കതായ പരി ശ്രമങ്ങൾ നടത്തി വിവിധ പ്രോജക്ടുകൾ നേടിയെടുക്കണം. വിദേശത്തും സ്വദേശത്തുമായി സർവകലാശാലയുടെ വളർച്ചക്കു ഉപകരിക്കുന്ന ധാര ണാപത്രങ്ങൾ (MoU) ഒപ്പുവെച്ച് ആ ദിശയിൽ പ്രവർത്തനങ്ങൾ ത്വരിതപ്പെ ടുത്തണം.

■ വർദ്ധിച്ച നേട്ടങ്ങൾ കൈവരിക്കുന്നതിനായി സർവകലാശാല അദ്ധ്യാപ കർ, വിദ്യാർത്ഥികൾ, ജീവനക്കാർ എന്നിവർ ചേർന്ന് ഏക ടീം ആയി പ്രവർത്തിക്കണം. അപ്രകാരം സർവകലാശാലയെ ഉന്നത നിലവാരത്തിൽ എത്തിക്കണം. അതത് സ്കൂളുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ എപ്ര കാരമെല്ലാം വിനിയോഗിക്കുമെന്ന് കാണിക്കുന്ന വിധത്തിലുള്ള പ്രദർശന ങ്ങൾക്കുള്ള ക്രമീകരണങ്ങൾ നടത്തണം.

(ഐ.ക്യു.എ.സി. & ഭരണവിഭാഗം)

ഇനം നമ്പർ: **2023.30**

വിഷയം: **നിർവാഹകസമിതിയുടെ അമ്പത്തിയൊമ്പതാമത് യോഗത്തിന്റെ തീരുമാന ങ്ങൾ സ്ഥിരീകരിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: നിർവാഹകസമിതിയുടെ 59-ാമത് യോഗതീരുമാനങ്ങൾ സഭ സ്ഥിരീകരിച്ചു.

ഇനം നമ്പർ: **2023.31**

വിഷയം: **മുൻതീരുമാനങ്ങളിലെ തുടർനടപടികൾ**

തീരുമാനം: നിർവാഹകസമിതിയുടെ 59-ാമത് യോഗതീരുമാനങ്ങളുടെ തുടർ നടപടികൾ സഭ അംഗീകരിച്ചു.

ഇനം നമ്പർ: **2023.32**

വിഷയം: **2023-24 സാമ്പത്തികവർഷത്തെ സർവകലാശാല ബജറ്റ് അംഗീകാരത്തിന് സമർപ്പിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: 2023-24 സാമ്പത്തിക വർഷത്തെ വാർഷികബജറ്റ് ഫിനാൻസ് ഓഫീസർ അവതരിപ്പിച്ചു. ബജറ്റ് ചർച്ചയിൽ പങ്കെടുത്ത് അംഗങ്ങൾ സംസാരിച്ചു.

താഴെപറയുന്ന തീരുമാനങ്ങൾ ബജറ്റിൽ ഉൾക്കൊള്ളിക്കുവാൻ തീരുമാ നിച്ചു.

1. വിദ്യാർത്ഥികൾക്ക് ഇൻഷുറൻസ് പദ്ധതി ആരംഭിക്കണം. അതിന് പര്യാ പ്തമായ തുക വിലയിരുത്തണം.
   (ബജറ്റ് പുസ്തകം പേജ് 32, ക്രമനമ്പർ 13)
2. കീഴാളപഠനത്തിന് വകയിരുത്തിയ 4 ലക്ഷം രൂപ മ്യൂസിയത്തിന്റെ ആവ ശ്യത്തിലേക്ക് മാറ്റി വകയിരുത്തണം.

3. കീഴാളപഠനകേന്ദ്രം, നവസാമൂഹ്യപഠനകേന്ദ്രം എന്നിങ്ങനെ രണ്ടുതരം ബജറ്റ് ശീർഷകം ആവശ്യമില്ല. പകരം അവ സംയോജിപ്പിച്ച് നവസാമൂഹ്യപഠനകേന്ദ്രം എന്ന ഒരു ശീർഷകത്തിൽ തത്സംബന്ധമായ തുക വകയിരുത്തണം.

4. ഐ.ക്യു.എ.സി, സൗരോർജപ്ലാന്റ്, ചലച്ചിത്രം എന്നിവകൾക്ക് അവശ്യാനുസരണം പുതിയ ബജറ്റ് ശീർഷകങ്ങൾ നൽകണം.

(ഫിനാൻസ് വിഭാഗം)

ഇനം നമ്പർ: **2023.33**

വിഷയം: **സാഹിത്യപഠന സ്കൂളിലെ ഗവേഷകവിദ്യാർത്ഥിയായ ശ്രീ വിഷ്ണുപ്രസാദ് എസ്. നു മെഡിക്കൽ അവധിക്കാലത്ത് സർവകലാശാലാ ഫെല്ലോഷിപ്പ് അനുവദിക്കണമെന്ന അപേക്ഷ പരിഗണിക്കുന്നത് സംബന്ധിച്ച്**

തീരുമാനം: സാഹിത്യപഠന സ്കൂളിലെ ഗവേഷകവിദ്യാർത്ഥിയായ ശ്രീ വിഷ്ണുപ്രസാദിന്റെ അപേക്ഷയനുസരിച്ച്, ഗുരുതരമായ രോഗത്തിന് മെഡിക്കൽ ചികിത്സക്കു വിധേയനായതിന്റെ ഭാഗമായി, അതീവ സാമ്പത്തിക അവശത അനുഭവിക്കുന്ന ഗവേഷക വിദ്യാർത്ഥിയായ ശ്രീ. വിഷ്ണു പ്രസാദ് എസിന് 72,000 രൂപ ജീവകാരുണ്യ സഹായമായി അനുവദിക്കുവാൻ സഭ തീരുമാനിച്ചു.

(ഭരണവിഭാഗം)

**ചർച്ചക്കിടയിൽ ഉടലെടുത്ത മറ്റു തീരുമാനങ്ങൾ**

ഇനം നമ്പർ: **2023.34**

വിഷയം: **തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ സാമ്പത്തികപരമായ വിഷയങ്ങളിൽ വിദഗ്ധാഭിപ്രായങ്ങളും ഉപദേശങ്ങളും സമാഹരിക്കുന്നതിനും ധനവിനിയോഗപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുമായി നിർവാഹകസമിതിയുടെ ഒരു ഉപസമിതി (സബ്കമ്മിറ്റി) രൂപീകരിക്കുന്നത് സംബന്ധിച്ച്.**

തീരുമാനം: മുകളിൽ സൂചിപ്പിച്ച വിവിധോദ്ദേശ്യങ്ങൾ നിറവേറ്റുന്നതിലേക്ക് താഴെ വിവരിക്കുന്ന നിർവാഹകസമിതി അംഗങ്ങളെ ഉൾക്കൊള്ളിച്ച് നിർവാഹകസമിതിയുടെ ഒരു ഉപസമിതി (സബ്കമ്മിറ്റി) രൂപീകരിക്കുവാൻ തീരുമാനിച്ചു.

1. ഡോ. ജെ. പ്രസാദ്
2. ഡോ. സി. രാജേന്ദ്രൻ
3. ഡോ. കെ.വി. ശശി

(ഭരണവിഭാഗം)

ഇനം നമ്പർ: **2023.35**

വിഷയം: **ശ്രേഷ്ഠമലയാള ഭാഷാപഠന മികവ്കേന്ദ്രം, ക്ലാസ് / ഫാക്കൽറ്റി മുറികൾ എന്നിവയുടെ നിർമാണ പ്രവൃത്തികൾക്ക് മൂന്നാം ഗഡു വർക്ക് ബില്ലിന്റെ തുക നിർമാണ ഏജൻസിയായ കോസ്റ്റ്ഫോർഡിന് നൽകുന്നത് സംബന്ധിച്ച്.**

തീരുമാനം: 21,96,649/- രൂപക്ക് പകരം 26,78,913/- രൂപ നൽകുവാൻ തയ്യാറാക്കിയ നിർമാണ പ്രവൃത്തി ബില്ലിൽ നിർമാണ ഏജൻസിയായ കോസ്റ്റ്ഫോഡിന് 4,82,264/- രൂപ അധികമായി നൽകുവാൻ ബിൽ സമർപ്പിച്ച ഫിനാൻസ് ഓഫീസറുടെ നടപടി തീർത്തും അശ്രദ്ധയുടെ ഫലമാണെന്ന് യോഗം വിലയിരുത്തി. അത്തരം അശ്രദ്ധ മേലിൽ ആവർത്തിക്കുവാൻ പാടില്ലെന്ന് സഭ മുന്നറിയിപ്പ് നൽകി.

(എഞ്ചിനീയറിങ് വിഭാഗം)

ഇനം നമ്പർ: **2023.36**

വിഷയം: **അധ്യാപകർ/വിദ്യാർത്ഥികൾ എന്നിവരെ പ്രോൽസാഹിപ്പിക്കുന്നതിനും അർഹമായ അംഗീകാരം നൽകുന്നതിനുമായി സർവകലാശാലയിൽ വിവിധതരം അവാർഡുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച്.**

തീരുമാനം: അധ്യാപകർക്കും വിദ്യാർത്ഥികൾക്കും അംഗീകാരവും പ്രോത്സാഹനവും നൽകുന്നതിന്റെ ഭാഗമായി താഴെ വിവരിക്കുന്ന വിവിധങ്ങളായ അവാർഡുകൾ സർവകലാശാലയിൽ ഏർപ്പെടുത്തണം.

1. ഏറ്റവും നല്ല അധ്യാപകനുള്ള അവാർഡ്
2. കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രവർത്തനങ്ങൾക്കായി അധ്യാപകന് ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും.
3. മികച്ച ഗവേഷക വിദ്യാർത്ഥിക്കുള്ള അവാർഡ്
4. മികച്ച പ്രബന്ധത്തിനുള്ള അവാർഡ്
5. വിവിധ പ്രൊജക്റ്റുകളിലൂടെയും മറ്റ് അക്കാദമിക പ്രവർത്തനങ്ങളിലൂടെയും സർവകലാശാലയിലേക്ക് ഫണ്ട് സ്വരൂപിക്കുന്നതിനായി മികച്ച രീതിയിൽ ഏറ്റവുമധികം പ്രവർത്തിക്കുന്ന അധ്യാപകനുള്ള അവാർഡ്.

മേൽപ്രകാരം, അവാർഡുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച മാർഗരേഖ തയ്യാറാക്കി സമർപ്പിക്കുന്നതിന് താഴെപറയും പ്രകാരം ഒരു സമിതി രൂപീകരിക്കാൻ തീരുമാനിച്ചു.

1. ഡോ. കെ.ജി. പൗലോസ് (കൺവീനർ)
2. ഡോ. കെ.എം. അനിൽ
3. ഡോ. സി. രാജേന്ദ്രൻ

(ഭരണവിഭാഗം)

ഇനം നമ്പർ: **2023.37**

വിഷയം: **കാലിക്കറ്റ് സർവകലാശാലയിൽ ലഭ്യമായിട്ടുള്ള വൈദഗ്ധ്യങ്ങളും റിസോഴ്സസുകളും പങ്കിട്ടു ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച നടപടികൾ.**

തീരുമാനം: കാലിക്കറ്റ് സർവകലാശാലയിൽ ലഭ്യമായിട്ടുള്ള ഡി.ഡി.എഫ്.എസ്, ഫാക്കൽറ്റി മാനേജ്മെന്റ്, പരീക്ഷാനടത്തിപ്പിന്റെ സോഫ്റ്റ്വെയർ, ഫിനാൻസ് വിഭാഗത്തിൽ ഉപയോഗിക്കുന്ന സോഫ്റ്റ് വെയർ എന്നിങ്ങനെയുള്ള വിവിധതരം സാങ്കേതികവിദ്യകൾ മലയാളസർവകലാശാലയുമായി യോജിച്ച് പങ്കിടുവാൻ നടപടികൾ സ്വീകരിക്കണം. ഡോ. ജെ. പ്രസാദ്, ഐ.ക്യു.എ.സി.

ഡയറക്ടർ, രജിസ്ട്രാർ എന്നിവരടങ്ങുന്ന ഒരു സമിതി രൂപീകരിച്ച് ഈ ദിശയിലുള്ള പ്രവർത്തനങ്ങൾ ആരംഭിക്കണം. കാലിക്കറ്റ് സർവകലാശാലയുമായി മലയാളസർവകലാശാല കഴിയുന്നത്ര അക്കാദമിക-അനക്കാദമിക മേഖലകളിൽ സംയുക്ത പ്രോഗ്രാമുകൾ സംഘടിപ്പിക്കണം.

(ഭരണവിഭാഗം)

ഇനം നമ്പർ: **2023.38**

വിഷയം: **വിവിധതരം ധനസഹായ ഏജൻസികളിൽ നിന്ന് സർവകലാശാലയ്ക്ക് ആവശ്യമായ ഫണ്ട് സ്വരൂപിക്കുന്നത് സംബന്ധിച്ച്.**

തീരുമാനം: യു.ജി.സി. / റൂസ എന്നിങ്ങനെയുള്ള ഏജൻസികളിൽ നിന്നു ഫണ്ടു ലഭ്യമാക്കുന്നതിന് മഹാത്മാഗാന്ധി സർവകലാശാലയുടെ മാതൃകയിൽ ഡൽഹിയിൽ ഒരു ലെയ്സൺ ഓഫീസറെ ചുമതല ഏൽപിക്കേണ്ടതിനു നടപടി സ്വീകരിക്കണം. അങ്ങനെ നിശ്ചയിക്കപ്പെടുന്ന ലെയ്സൺ ഓഫീസറിന്റെ സഹായത്തോടെ DBT, DST ഇത്യാദി ഫണ്ടും ഏജൻസികളുടെ പ്രോജക്ട് സംബന്ധമായ വിജ്ഞാപനം ലഭ്യമാക്കാം. അങ്ങനെ മലയാളസർവകലാശാലയിൽ ധാരാളം പ്രോജക്ടുകൾ ലഭ്യമാക്കി ധനാഗമന മാർഗങ്ങൾ വിപുലീകരിക്കാൻ സാധിക്കും. ഈ വിഷയത്തിൽ ലെയ്സൺ ഓഫീസറുമായി ബന്ധപ്പെട്ട് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുവാൻ രജിസ്ട്രാറെ ചുമതലപ്പെടുത്തുവാൻ തീരുമാനിച്ചു.

(ഭരണവിഭാഗം, ഐ.ക്യു.എ.സി.)

ഇനം നമ്പർ: **2023.39**

വിഷയം: **മലയാളസർവകലാശാല ഫിനാൻസ് ഓഫീസർ, നിർവാഹകസമിതി അംഗമായ ഡോ. ജെ. പ്രസാദിനോട് മൊബൈൽഫോൺ മുഖേന അനൗദ്യോഗികമായി ആരാഞ്ഞ അഭിപ്രായം റെക്കോർഡ് ചെയ്ത് മേപ്പടി അഭിപ്രായം അദ്ദേഹത്തിന്റെ പേര് പരാമർശിച്ചുകൊണ്ട് നോട്ട്ഫയലിൽ രേഖപ്പെടുത്തിയത് സംബന്ധിച്ച് സമിതി അംഗം സഭയിൽ ഉന്നയിച്ച പരാതി.**

തീരുമാനം: ഫിനാൻസ് ഓഫീസർ തന്നെ ഫോൺ ചെയ്തു അനൗദ്യോഗികമായി അഭിപ്രായം ആരാഞ്ഞ വിഷയം അദ്ദേഹത്തിന്റെ അഭിപ്രായം എന്ന് പ്രസ്താവിച്ചുകൊണ്ട് തന്റെ പേര് പരാമർശിച്ച് ഫയലിൽ എഴുതിയ കുറിപ്പ് തീർത്തും അച്ചടക്കലംഘനവും ഔദ്യോഗിക കൃത്യനിർവഹണത്തിലെ വീഴ്ചയും ടി നടപടി അനൗചിത്യപരവുമാണെന്നും നിർവാഹകസമിതി അംഗമായ ഡോ. ജെ. പ്രസാദ് സഭയിൽ ഉന്നയിക്കുകയുണ്ടായി. ഇത്തരം പ്രവണത മുളയിലെ നുള്ളിയില്ലെങ്കിൽ ഭാവിയിൽ ആർക്കെതിരെയും ഇത്തരം കടന്നുകയറ്റം ഉണ്ടാകുമെന്നും അതിനാൽ, ഫിനാൻസ് ഓഫീസറായ മരിയറ്റ് തോമസിനെതിരെ കാരണം കാണിക്കൽ നോട്ടീസ് നൽകി വിശദീകരണം വാങ്ങണം എന്ന് അദ്ദേഹം സഭയിൽ ആവശ്യപ്പെട്ടു.

എന്നാൽ വിഷയം താൻ നേരിട്ട് ഫിനാൻസ് ഓഫീസറോട് അന്വേഷിക്കാമെന്നും വേണ്ട നടപടികൾ കൈക്കൊള്ളാമെന്നും ബഹു. വൈസ് ചാൻസ

ലർ ഉറപ്പു നൽകി. അപ്രകാരം നടത്തപ്പെടുന്ന ചർച്ച രേഖപ്പെടുത്തണമെന്നു അംഗം ആവശ്യപ്പെട്ടതു വൈസ് ചാൻസലർ അംഗീകരിച്ചു.

(ഭരണവിഭാഗം)

ഇനം നമ്പർ: **2023.40**

വിഷയം: **2019 ആഗസ്റ്റിൽ പ്രവേശനം നേടിയ ഗവേഷകവിദ്യാർത്ഥികൾക്ക് ഗവേഷണ ഫെല്ലോഷിപ്പ് കുടിശ്ശിക അനുവദിക്കുന്നത് സംബന്ധിച്ച്.**

തീരുമാനം: 2019 ആഗസ്റ്റിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ഗവേഷണ വിജ്ഞാപനപ്രകാരം പ്രതിമാസ ഗവേഷണ ധനസഹായം (ഫെലോഷിപ്പ്) വാഗ്ദാനം ചെയ്തിരുന്നില്ല, എങ്കിലും, വിദ്യാർത്ഥികൾ പിന്നീട് നടത്തിയ പ്രതിഷേധ സമരങ്ങളുടെ ഫലമായി മുൻവിജ്ഞാപനത്തിൽ അതത് സമയങ്ങളിൽ നിർവാഹകസമിതി കൈക്കൊണ്ട വിട്ടുവീഴ്ചയോടുകൂടിയ സമീപനത്തെ തുടർന്ന് ഒരു കാലഘട്ടത്തിൽ 5500/- രൂപയും പിന്നീട് അത് 12,000/- രൂപയുമായി പ്രതിമാസ ഫെലോഷിപ്പ് അനുവദിച്ചു നൽകി. ഗവേഷണപ്രവേശനം ലഭിച്ച 2019 ആഗസ്റ്റ് മുതൽ 2022 ജൂലൈ വരെയുള്ള മുഴുവൻ കാലഘട്ടത്തിലും 12,000 രൂപ പ്രതിമാസ ഫെലോഷിപ്പായി നൽകണം എന്നതാണ് വിദ്യാർത്ഥികളുടെ ആവശ്യം. 11 ഗവേഷകരുടെ ആവശ്യം പരിഗണിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പിലേക്ക് കത്തുകളയച്ച് ഫെലോഷിപ്പ് നൽകുന്നതിനുള്ള അനുമതി ചോദിച്ചിരുന്നെങ്കിലും മറുപടി ലഭിക്കുകയുണ്ടായില്ല. വിദ്യാർത്ഥികളുടെ ആവശ്യപ്രകാരം, മൂന്ന് വർഷ ഗവേഷണകാലത്തേക്ക് യഥാർത്ഥത്തിൽ ലഭിക്കേണ്ട 12,000/- രൂപയുടെ പ്രതിമാസ ഫെലോഷിപ്പ് സംബന്ധമായ കുടിശ്ശിക ലഭ്യമാക്കുന്നതിന് ബഹു. വൈസ് ചാൻസലറുടെ നേതൃത്വത്തിൽ നിർവാഹകസമിതി അംഗമായ ഡോ. ജെ. പ്രസാദും ചേർന്ന ഒരു ദൗത്യസംഘം (ഡെലിഗേഷൻ) ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി, പ്രിൻസിപ്പൽ സെക്രട്ടറി എന്നിവരെ നേരിൽകണ്ട് വിഷയം ധരിപ്പിച്ച് അനുകൂല തീരുമാനത്തിനുവേണ്ട നടപടി കൈക്കൊള്ളും.

(ഭരണവിഭാഗം)

ഇനം നമ്പർ: **2023.41**

വിഷയം: **അനധ്യാപകജീവനക്കാരുടെ വേതനവർദ്ധനവ് സംബന്ധിച്ച്**

തീരുമാനം: ഗവേഷക വിദ്യാർത്ഥികളുടെ ഫെലോഷിപ്പ് സംബന്ധിച്ച് നിയോഗിക്കപ്പെട്ട അതേ ദൗത്യസംഘം, അനധ്യാപകവിഭാഗം കരാർ ജീവനക്കാർക്ക് അനുവദനീയമായ ശമ്പളവർധന ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ഉന്നതവിദ്യാഭ്യാസം, ധനകാര്യം എന്നീ വകുപ്പ് മന്ത്രിമാരുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽ പെടുത്തി ആവശ്യമായ നടപടി സ്വീകരിക്കും.

(ഭരണവിഭാഗം)

ഇനം നമ്പർ: **2023.42**

വിഷയം: **നാക് (NAAC) അക്രഡിറ്റേഷനു അപേക്ഷിക്കുന്നതിന്റെ മുന്നോടിയായി രൂപീകരിക്കേണ്ട നയരേഖകൾ സംബന്ധിച്ച്**

തീരുമാനം: നാക് (NAAC) അക്രഡിറ്റേഷൻ, ചെയറുകളുടെ സ്ഥാപനം, ഇരട്ടബിരുദം, സംയുക്തബിരുദം, ഉന്നത നിലവാര ഗവേഷണം, റിസർച്ച് കൺസൾട്ടൻസി, ഭരണനിർവഹണം, ഭാഷാസർവകലാശാല എന്ന പ്രത്യേകത, എൻ.ഐ.ആർ. എഫ് റാങ്കിങ്, അഡൽ റാങ്കിങ്, ലോക റാങ്കിങ് എന്നിങ്ങനെയുള്ള എല്ലാ മേഖലകളിലും സമഗ്രമായ നയം രൂപീകരിക്കേണ്ടതും നാക് (NAAC) അക്രഡിറ്റേഷൻ, റാങ്കിങ് എന്നിവ നേടുന്നതിന് അത്യന്താപേക്ഷിതമായ കാര്യങ്ങളാണ്. മലയാളസർവകലാശാലക്കു തനതായ നയരേഖ രൂപീകരിക്കുന്നതിന്റെ ഭാഗമായി, മഹാത്മാഗാന്ധി സർവകലാശാലയുടെ നയരേഖകൾ സമാഹരിച്ച് അവ കൂടി വിശകലനം ചെയ്ത് മലയാളസർവകലാശാലയ്ക്ക് സമഗ്രവും സമ്പൂർണവുമായ നയരേഖ രൂപീകരിക്കണം. ഇതിലേക്ക് മഹാത്മാഗാന്ധി സർവകലാശാലയുടെ വൈദഗ്ധ്യം ലഭ്യമാക്കും. നയരേഖ രൂപീകരണത്തിന് ഐ.ക്യു.എ.സി. ഡയറക്ടറെ ചുമതലപ്പെടുത്തി.

(ഭരണവിഭാഗം, ഐ.ക്യു.എ.സി.)

ഇനം നമ്പർ: **2023.43**

വിഷയം: **തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയിൽ നടത്തപ്പെടുന്ന വിവിധങ്ങളായ പ്രോഗ്രാമുകൾ, ചടങ്ങുകൾ ഇവക്കായി സമഗ്രമായ മാർഗ്ഗരേഖ തയ്യാറാക്കുന്നത് സംബന്ധിച്ച്**

തീരുമാനം: വിവിധ സ്വഭാവത്തിലുള്ള പ്രോഗ്രാമുകൾ, ചടങ്ങുകൾ എന്നിവക്കായി താഴെ വിവരിക്കുന്ന മേഖലകളിൽ ഉണ്ടായേക്കാവുന്ന ചെലവുകൾക്ക് മാർഗ്ഗരേഖ തയ്യാറാക്കുന്നതിന് താഴെപറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി സമിതി രൂപീകരിക്കാൻ തീരുമാനിച്ചു.

1. ഡോ. ജെ. പ്രസാദ് (കൺവീനർ)
2. ഡോ. കെ.വി. ശശി
3. ശ്രീ. ആശിഷ്സുകു

**സമിതിയുടെ പരിഗണനയ്ക്ക് വിഷയീഭവിക്കേണ്ട മേഖലകൾ:**

സെമിനാറുകൾ, ശിൽപശാല & സിമ്പോസിയം, പഠനയാത്രകൾ, പ്രോജക്ടുകൾ, ഔദ്യോഗികാവശ്യങ്ങൾക്കുള്ള വിദേശയാത്ര, മുൻകൂർ തുക അനുവദിക്കൽ, ഇന്റർവ്യൂ, പരീക്ഷസംബന്ധിയായ മൂല്യനിർണയം തുടങ്ങിയ മേഖലകൾ കൂടാതെ സമിതിയ്ക്ക് ഉചിതമെന്ന് തോന്നുന്ന മറ്റു മേഖലകളും പരിഗണിക്കാവുന്നതാണ്.

(ഭരണവിഭാഗം)

ഇനം നമ്പർ: **2023.44**

വിഷയം: **സർവകലാശാല ഫിനാൻസ് വിഭാഗത്തിൽ പ്രവർത്തനം സുതാര്യമാക്കുന്നതിനും കേരളസർവീസ് ചട്ടങ്ങൾ പ്രകാരം പ്രവർത്തിക്കപ്പെടുന്നതിനും അതുവഴി കെട്ടുറപ്പുള്ളതും മികച്ചതുമായ ഒരു ധനകാര്യവിഭാഗം കെട്ടിപ്പടുക്കേണ്ടത് സംബന്ധിച്ച്.**

തീരുമാനം: സർവകലാശാല ഫിനാൻസ് വിഭാഗത്തിന്റെ പ്രവർത്തനം സുതാര്യമാക്കുന്നതിനും കേരളസർവീസ് ചട്ടങ്ങൾ പ്രകാരം പ്രവർത്തിക്കപ്പെടുന്നതിനും

അതുവഴി കെട്ടുറപ്പുള്ളതും മികച്ചതുമായ ഒരു ധനകാര്യവിഭാഗം കെട്ടിപ്പടുക്കേണ്ടത് സംബന്ധിച്ച വിഷയം നിർവാഹകസമിതിയുടെ സബ് കമ്മറ്റി മുമ്പാകെ അവതരിപ്പിച്ച് വിശദമായ പഠനം നടത്തി സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കി സമിതി മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

(ഭരണവിഭാഗം)

ഇനം നമ്പർ: **2023.45**

വിഷയം : **സർവകലാശാലയിലെ വിവിധ സ്കൂളുകളിലേക്ക് താൽകാലികമായി അതിഥി അദ്ധ്യാപകർ, വിസിറ്റിങ് ഫാക്കൽറ്റി എന്നിവരെ നിയോഗിക്കുന്നതിനു പാലിക്കേണ്ട നടപടി ക്രമങ്ങൾ സംബന്ധിച്ച്**

തീരുമാനം : അതിഥി അദ്ധ്യാപകർ, വിസിറ്റിങ് പ്രൊഫസർമാർ, എമരിറ്റസ് പ്രൊഫസർ, അഡ്ജങ്റ്റ് ഫാക്കൽറ്റി, ദേശീയ അന്തർദേശീയ നിലവാരത്തിലുള്ള പ്രൊഫസർമാർ എന്നിവരെ നിയോഗിക്കൽ, പ്രഭാഷണങ്ങൾ ഏർപ്പെടുത്തൽ, ആയതിലേക്ക് നൽകേണ്ട പ്രതിഫലം, യാത്രാപടി/ഡി.എ. എന്നിവ മുൻകൂട്ടി നിശ്ചയിച്ചിരിക്കേണ്ടതാണ്. കാലാകാലങ്ങളിൽ വരുന്ന വിലസൂചികയിലെ മാറ്റങ്ങൾ, മറ്റു ദേശീയ ആഗോള നയങ്ങളിലെ മാറ്റങ്ങൾ ഇവകൾ ഉൾക്കൊണ്ട് മാർഗരേഖ തയ്യാറാക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്. ഈ വിഭാഗത്തിൽ പ്രഗത്ഭരും പ്രശസ്തരും ദേശീയവും അന്തർദേശീയവുമായ രംഗങ്ങളിൽ അംഗീകരിക്കപ്പെട്ടവരും മഹത്തായ സംഭാവനകൾ നൽകിയിട്ടുള്ളവരുമായ പ്രൊഫസർമാരെ വേർതിരിച്ച് അവരുടെ ഒരു പട്ടിക തയ്യാറാക്കി സൂക്ഷിക്കുകയും അവർക്കു നൽകേണ്ട പ്രതിഫലങ്ങളും മുൻകൂട്ടി നിർണയിക്കേണ്ടതുമാണ്. ഈ ദിശയിലുള്ള ആവശ്യങ്ങൾക്കായി ഒരു മാർഗരേഖ തയ്യാറാക്കുന്നതിന് താഴെപറയുന്ന അംഗങ്ങൾ അടങ്ങുന്ന ഒരു സമിതി രൂപീകരിക്കുന്നു.

1. ഡോ. കെ. ജി. പൗലോസ് (കൺവീനർ)
2. ഡോ. കെ.വി. ശശി
2. ഡോ. പ്രജിത് ചന്ദ്രൻ (രജിസ്ട്രാർ)

ഇതുസംബന്ധിച്ച് സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കി തുടർനടപടികൾക്കായി നിർവാഹക സമിതി മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

(ഭരണവിഭാഗം)

ഇനം നമ്പർ: **2023.46**

വിഷയം : **സർവകലാശാലയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സ്ഥിരമായോ താൽകാലികമായോ അനദ്ധ്യാപക തസ്തികകൾ നാളിതുവരെ സൃഷ്ടിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, മറ്റ് സർവകലാശാലകളിൽ നിന്ന് വിരമിച്ച പരിചയസമ്പന്നരായ ഉദ്യോഗസ്ഥരെ താത്കാലികാടിസ്ഥാനത്തിൽ നിയോഗിച്ചുകൊണ്ട് ഭരണപരമായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതു സംബന്ധിച്ച്.**

തീരുമാനം : കാലിക്കറ്റ് സർവകലാശാല/സർക്കാരിന്റെ ജലസേചന വകുപ്പ് എന്നിവിടങ്ങളിൽ നിന്നും വിരമിച്ച ഏതാനും ഉദ്യോഗസ്ഥരും പ്രാദേശികമായി, നിയോഗിക്കപ്പെട്ട് വിവിധങ്ങളായ കൃത്യങ്ങൾ നിർവഹിക്കുന്നവരുമായ അനധ്യാ

പക ജീവനക്കാരുമാണ് ഇന്ന് സർവകലാശാലയുടെ ഭരണപരമായ പ്രവൃത്തികൾ സംബന്ധിച്ച ജോലി ചെയ്തു വരുന്നത്. അധികം ജീവനക്കാരെ നിയമിക്കേണ്ട ആവശ്യകത പരിഗണിക്കേണ്ടതിന്റെ ഭാഗമായി സർവകലാശാലയിലെ ജോലിഭാരം സംബന്ധിച്ച് പഠനം നടത്തി ആവശ്യമായ തസ്തികകൾ നിർണയിക്കുന്നതിന് ഒരു സമിതിയെ രൂപീകരിച്ച് പഠനം നടത്തേണ്ടതാണ്.

ഈ വിഷയം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി താഴെപറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിക്കാൻ തീരുമാനിച്ചു.

1. ഡോ. ജെ. പ്രസാദ് (കൺവീനർ)
2. ഡോ. പ്രജിത് ചന്ദ്രൻ (രജിസ്ട്രാർ)
3. ശ്രീ. ശശിധരൻ ഉണ്ണിത്താൻ എൻ. (വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി)

(ഭരണവിഭാഗം)

ഇനം നമ്പർ: **2023.47**

വിഷയം: **യൂണിവേഴ്സിറ്റി എഞ്ചിനീയറുടെ കരാർ സേവനകാലാവധി പുതുക്കുന്നത് സംബന്ധിച്ച്**

തീരുമാനം: 21.03.2023 ൽ ഒരു വർഷ കരാർ കാലാവധി പൂർത്തീകരിച്ച യൂണിവേഴ്സിറ്റി എഞ്ചിനീയർക്കു ഒരു വർഷക്കാലത്തേക്കുകൂടി യൂണിവേഴ്സിറ്റി എഞ്ചിനീയറായി കരാർ സേവനകാലാവധി പുതുക്കി നൽകാൻ തീരുമാനിച്ചു.

(ഭരണവിഭാഗം)

ഇനം നമ്പർ: **2023.48**

വിഷയം: **2013 മുതൽ 2020 വരെ തീർപ്പ് കൽപ്പിക്കാതെയും കൃത്യമായ മറുപടി നൽകാതെയും കിടന്നിരുന്ന സി.എ.ജി. ലോക്കൽഫണ്ട് ഓഡിറ്റ് വിഭാഗങ്ങളുടെ തടസ്സവാദങ്ങൾക്ക് മറുപടി നൽകുന്നത് സംബന്ധിച്ച്**

തീരുമാനം: 2013 മുതൽ 2020 വരെ തീർപ്പ് കൽപ്പിക്കാതെയും കൃത്യമായ മറുപടി നൽകാതെയും കെട്ടികിടന്നിരുന്ന സി.എ.ജി. / ലോക്കൽഫണ്ട് ഓഡിറ്റ് വിഭാഗങ്ങളുടെ തടസ്സവാദങ്ങൾ നിർവാഹകസമിതിയുടെ സബ് കമ്മിറ്റിക്ക് മുമ്പാകെ ഫിനാൻസ് വിഭാഗം പരിശോധനക്കായി സമർപ്പിച്ച് നടപടികൾ സ്വീകരിക്കണം. ഈ വിഷയം ഗൗരവപൂർവ്വം പരിഗണിച്ച് വേണ്ട പരിശോധന നടത്തി സബ്കമ്മിറ്റി നിർവാഹകസമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണം.

(ഫിനാൻസ് വിഭാഗം)

യോഗത്തിൽ പങ്കെടുത്ത എല്ലാ നിർവാഹകസമിതി അംഗങ്ങൾക്കും ബഹു. വൈസ് ചാൻസലർ നന്ദി പ്രകാശിപ്പിച്ചു.

യോഗം ഉച്ചക്ക് 12 മണിക്ക് അവസാനിച്ചു.

രജിസ്ട്രാർ